# പതിനാലാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3302** — **19.06.2019 ൽ മറുപടിയ്ക്ക്**

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉണ്ണി** | **എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി)** |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് നിലവിലുള്ള സംവിധാനം ഏതെന്ന് വ്യക്തമാക്കാമോ; | (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുജനാരോഗ്യ പരിപാലനത്തിനായി വാർഡ്തല സാനിറ്റേഷൻ സമിതികൾ രൂപീകരിക്കുകയും ആയത് കൃത്യമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. മഴക്കാലത്തിന് മുന്നോടിയായുള്ള ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ആശാപ്രവർത്തകർ, വാർഡ് തല സാനിറ്റേഷൻ സമിതി എന്നിവരുടെ നേതൃത്വത്തിൽ ഭവനസന്ദർശനം നടത്തുകയും കിണർ, മറ്റ് ജലാശയങ്ങൾ എന്നിവയുടെ ശുചീകരണം നടത്തുകയും ചെയ്യുന്നു. കൂടാതെ പകർച്ചവ്യാധി നിയന്ത്രണം സംബന്ധിച്ച ആരോഗ്യ ബോധവത്കരണ പ്രവർത്തനങ്ങൾ വാർഡുകൾ തോറും അംഗൻവാടികൾ മുഖേനയും നടത്തിവരുന്നു. കൂടാതെ പി.എച്ച്.സി മുഖാന്തിരം സാന്ത്വന പരിചരണം, മരുന്ന് വാങ്ങൽ, ലാബ് പ്രവർത്തനം, ക്യാൻസർ പരിശോധന എന്നിവയും നടത്തിവരുന്നു. കൂടാതെ ഗ്രാമപഞ്ചയാത്ത് പ്രസിഡന്റ്, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നവരുടെ നേതൃത്വത്തിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ എല്ലാ മാസവും ചേർന്ന് ആരോഗ്യപ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തിവരുന്നു. കൂടാതെ കൃത്യമായ ഇടവേളകളിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ അവലോകനം പി.എച്ച്.സി മെഡിക്കൽ ഓഫീസർ ഗ്രാമപഞ്ചായത്ത് സമിതിക്ക് മുൻപാകെ നടത്തുന്നുണ്ട്.<br><br>നഗരസഭയിൽ ആരോഗ്യവിഭാഗം ജീവനക്കാരുടെ നേതൃത്വത്തിലാണ് പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ആയതിന് അതാത് നഗരസഭകളിൽ ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളാണ് മേൽനോട്ടം വഹിക്കുന്നത്.<br><br>ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റികൾ, ബ്ലോക്ക്തല ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് |

| | | | |
|---|---|---|---|
| | | | കമ്മിറ്റി, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി (എച്ച്.എം.സി) എന്നിവ ബ്ലോക്ക് പഞ്ചായത്തുകളിലെ ആരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. |
| (ബി) | പ്രസ്തുത സംവിധാനത്തിലെ പോരായ്മകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദീകരിക്കാമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൂടുതൽ ആരോഗ്യപ്രവർത്തകരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (സി) | സ.ഉ.(കൈ) നം 11/2018/തസ്വഭവ തീയതി 29.01.2018 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ ആരോഗ്യ സ്ഥാപനങ്ങളിൽ ആവശ്യമുള്ള പക്ഷം ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ലാബ് ടെക്നീഷ്യൻ എന്നിവരെ നിയോഗിക്കാവുന്നതും, നിബന്ധനകൾക്ക് വിധേയമായി അനുവദനീയമായ വേതനം പദ്ധതി നിർവ്വഹണത്തിൽ ഉൾപ്പെടുത്തി നൽകാവുന്നതുമാണെന്ന് ഉത്തരവായിട്ടുണ്ട്. |

Danju MJ

**സെക്ഷൻ ഓഫീസർ**